QP CODE: 22000744

22000744

**Reg No** : .....................

**Name** : .....................

# M A DEGREE (CSS) EXAMINATION, APRIL 2022

## Third Semester

Faculty of Language and Literature

M A MALAYALAM

## CORE - ML010301 - AADHUNIKA MALAYALA KAVITHA - RANDAAM GHATTAM

2019 ADMISSION ONWARDS

34274002

Time: 3 Hours | Weightage: 30

**Part A (Short Answer Questions)**

*Answer any **eight** questions.*

*Weight **1** each.*

1. "വാക്കേ വാക്കേ കൂടെവിടെ
   വളരുന്ന നാവിൻറെ കൊമ്പത്ത്
   വാക്കേ വാക്കേ കൂടെവിടെ
   ഒളിതിങ്ങും തൂവലിൻ തുഞ്ചത്ത്" - ആശയം വിശദീകരിക്കുക.
2. *അജന്ത എന്ന കവിതയിൽ ഭാരതത്തിൻറെ പ്രാചീനസംസ്കാരത്തോടുള്ള കവിയുടെ ആഭിമുഖ്യം പ്രകടമാകുന്നതെങ്ങനെ?*
3. *" തകർന്നടിയുന്ന സ്ത്രീജീവിതമാണ് പെങ്ങൾ എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്." പരിശോധിക്കുക.*
4. *എം.ഗോവിന്ദൻ എന്ന കവിതയിൽ എം.ഗോവിന്ദൻറെ ജീവിതാദർശങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത് എപ്രകാരമാണ്.?*
5. *വി.എം.ഗിരിജയുടെ പ്രകൃതിവർണ്ണനകൾ ഒരുവൾ എന്ന കവിതയിൽ ആവിഷ്കരിക്കുന്നതെങ്ങനെ?*
6. *കാവ്യഭാഷയെക്കുറിച്ചുള്ള പി.പി.രാജീവൻറെ സങ്കല്പം രാഷ്ട്രതന്ത്രം എന്ന കവിതയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ?*
7. *അനിതാ തമ്പിയുടെ കുഞ്ഞിൻറെ പെൻസിൽ എന്ന കവിതയുടെ ഭാവതലം എന്ത്?*
8. *" വൈകിട്ട് ഷാപ്പിൽവച്ച് മേസ്തിരി പറഞ്ഞു
   നിന്നെ ഈ പണിക്ക് കൊള്ളില്ല" വ്യാഖ്യാനിക്കുക.*
9. *അരണവാൽ മോതിരം എന്ന ശീർഷകത്തിലെ ഫലിതപരിഹാസങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.*
10. *സ്വത്വബോധം നേടുന്ന കീഴാള ജനതകൾ, സ്ത്രീയവസ്ഥ എന്നിവ തുറന്നു ചിത്രീകരിക്കുന്ന*

ഇടങ്ങളായി പുതുകവിത മാറുന്നുണ്ടോ? പരിശോധിക്കുക.

(8×1=8 weightage)

**Part B (Short Essay/Problems)**

*Answer any **six** questions.*

*Weight **2** each.*

11. മാധവൻ അയ്യപ്പത്തിൻറെ കവിതകളുടെ പൊതുസവിശേഷതകൾ പരിചയപ്പെടുത്തുക.

12. " തളരും തുമ്പിക്കയ്യാലൊരു ചെ
ന്താമരമലരുപറിച്ചേൻ, കണ്ണീ
രണമുറിയുമ്പോൾ,നീയേ തുണയിനി
യെന്നു വിളിച്ചുകരഞ്ഞർപ്പിച്ചേൻ' ഭാവതലം വ്യക്തമാക്കുക.

13. "കാട്ടാളൻ ഒരു സംസ്കാരത്തിൻറെ പ്രതിനിധാനമാണ്." വിലയിരുത്തുക

14. 'കുറവൊട്ടുമറിഞ്ഞിടാഞ്ഞിലെല്ലാം
നിറവായ് മനസ്സുകണ്ടുകൊള്ളും" സന്ദർഭവും ആശയവും വിവരിക്കുക.

15. അടുക്കളയിൽ കെട്ടപ്പെട്ട സ്ത്രീജീവിതത്തെ അടുക്കള എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

16. 118 " നീരോടി വലിഞ്ഞൊരു പുഴതൻ
പേരേടിൽ മാഞ്ഞൊരു മത്സ്യം
ഇല്ലെന്നു ചതിക്കും തടവിൽ
ചില്ലിട്ടൊരു കൂട്ടിലണഞ്ഞു" വ്യാഖ്യാനിക്കുക.

17. ദളിത് കവിതകളുടെ സവിശേഷതകൾ പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

18. പുതുമയിൽനിന്ന് പഴമയിലേക്കുള്ള മടക്കം എന്ന സന്ദേശം' മധുരമീനാക്ഷി ചുമർചിത്രങ്ങ' ൾ നല്കുന്നുണ്ടോ?

(6×2=12 weightage)

**Part C (Essay Type Questions)**

*Answer any **two** questions.*

*Weight **5** each.*

19. പിതൃഗമനം എന്ന കവിതയുടെ സമകാലിക പ്രസക്തി എന്ത്? വിവരിക്കുക.

20. സിവിക് ചന്ദ്രൻറെ കബനി എന്ന കവിത എഴുപതുകളുടെ കാവ്യാദർശം വെളിപ്പെടുത്തുന്നുണ്ടോ? ചർച്ച ചെയ്യുക.

21. ഒരു കുരുവി ഒരു മരം, ആരോഹണം എന്നീ കവിതകളെ ആധാരമാക്കി പാരിസ്ഥിതികദർശനം മലയാളകവിതയിൽ എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

22. മുഹൂർത്തം എന്ന കവിത പ്രകൃതിയുമായി എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നു? ഉദാഹരണസഹിതം വിശദീകരിക്കുക.

(2×5=10 weightage)